**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2848** **12-07-2022 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി തീരം കടൽക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപള്ളി തീരപ്രദേശത്തെ കടൽക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി തീരപ്രദേശത്തെ കടൽക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതിന് 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ 9.45 ലക്ഷം രൂപ ചെലവഴിച്ച് 107മീ. നീളത്തിൽ കരിങ്കല്ലുപയോഗിച്ചും 76.76 ലക്ഷം രൂപ ചെലവഴിച്ച് 985മീ. നീളത്തിൽ പോളി പ്രൊപ്പിലീൻ ബാഗുപയോഗിച്ചും കടൽത്തീര സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്.<br><br>794മീ. നീളത്തിൽ കരിങ്കല്ലുപയോഗിച്ച് കടൽത്തീര സംരക്ഷണഭിത്തി നിർമ്മിക്കുന്ന 835 ലക്ഷം രൂപ വരുന്ന 5 പ്രവൃത്തികളുടെയും 170 മീറ്റർ നീളത്തിൽ പോളീപ്രൊപ്പിലീൻ ബാഗുപയോഗിച്ചുള്ള 22.50 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയുടെയും പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. മുൻഗണനാ ക്രമവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ചും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പ്രദേശത്ത് എത്ര മീറ്റർ സംരക്ഷണ ഭിത്തിയാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ “Urgent protection to the sea coast using rubble mount for a length of 100m from 60m north of CP1355 towards north in Vatanapilly Grama panchayath amounting to Rs.7.8 lakhs” എന്ന പ്രവൃത്തി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കുന്ന തിനായി ആവശ്യമായ കരിങ്കല്ല് ശേഖരിക്കൽ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ? | (സി) | നിലവിൽ “Urgent protection to the sea coast using rubble mount for a length of 100m from 60m north of CP1355 towards north in Vatanapilly Grama panchayath amounting to Rs.7.8 lakhs” എന്ന പ്രവൃത്തി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കുന്ന തിനായി ആവശ്യമായ കരിങ്കല്ല് ശേഖരിക്കൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ